പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 2616 11.10.2011 -ലെ മറുപടിക്ക്

## ചാത്തന്നൂർ കുണ്ടുമൺ പാലത്തിന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിരുന്ന കുണ്ടുമൺ പാലത്തിന്റെ നിർമ്മാണത്തിന് എത്ര രൂപയുടെ അനുമതിയാണ് ലഭിച്ചതെന്നും എന്നാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ ; | (എ) കുണ്ടുമൺ പാലത്തിന്റെ നിർമ്മാണത്തിന് ജി.ഒ.(ആർ.റ്റി) നം.306/08/പൊ.മ.വകുപ്പു തീയതി 12.03.08 പ്രകാരം 215 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും അനന്തരം സി.ഇ (ആർ&ബി) 265 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. |

(ബി) പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലുള്ള പുരോഗതി അറിയിക്കുമോ ; തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടെങ്കിൽ ആയത് അറിയിക്കുമോ ;

(സി) പാലത്തിന്റെ പണിയുടെ ഒരു ഘട്ടത്തിൽ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിക്കുന്നതിനായി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട രേഖകൾ ഗവൺമെന്റിലേക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ അത് എന്നാണെന്നും അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടിയും അറിയിക്കുമോ ;

(ഡി) പാലം പണി ആരംഭിച്ചിട്ട് 15 വർഷം പിന്നിടുകയും പാലം 6 മാസത്തിനു മുമ്പ് പൂർത്തികരിക്കുകയും ചെയ്തശേഷം അപ്രോച്ച് റോഡ് നിർമ്മിച്ച് പാലം തുറന്നു നൽകുന്നതിന് എന്ത് തടസ്സമാണ് നിലനിൽക്കുന്നത് ;

(ഇ) ഉദ്യോഗസ്ഥതലത്തിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം നിമിത്തം അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് തടസ്സമുണ്ടായെന്ന് ബോധ്യമുണ്ടെങ്കിൽ ഈ കാര്യത്തിൽ അനുകൂല നടപടിക്ക് തയ്യാറാകുമോ ; നിലവിലുള്ള പഴയ പാലത്തിന്റെ അപകടാവസ്ഥയെക്കുറിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് വിശദമാക്കുമോ ?

(ബി), (സി) & (ഡി)
പാലം പണി പൂർത്തീകരിച്ചു. അപ്രോച്ച് റോഡിന്റെ ഫില്ലിംഗ് പണി നടന്നു കൊണ്ടിരിക്കുന്നു. പാലത്തിന്റെ റിവൈഡ്സ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) ഉദ്യോഗസ്ഥതലത്തിൽ അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് തീരുമാനത്തിന് കാലതാമസം ഉണ്ടായിട്ടില്ല. അപ്രോച്ച് റോഡിന്റെ മണ്ണ് ഫില്ല് ചെയ്യുന്നതിനു മുൻപ് സൈഡ് പ്രൊട്ടക്ഷൻ വർക്ക് ചെയ്യേണ്ടതുണ്ട്. കൊല്ലം സൈഡിലെ സൈഡ് പ്രൊട്ടക്ഷൻ പണികൾ തുടങ്ങിയിട്ടുണ്ട്. മഴക്കാലത്ത് ഫില്ലിംഗ് പണികൾ ചെയ്യുന്നത് എളുപ്പമല്ല. ആയതിനാൽ മഴ മാറിയ ശേഷം ഇപ്പോൾ ഫില്ലിംഗ് പണികൾ ആരംഭിച്ചിട്ടുണ്ട്. പഴയ പാലത്തിന്റെ അവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ